## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 33** **07-01-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.സി.പി.മുഹമ്മദ് :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.പി.സി.വിഷ്ണുനാഥ് :** | | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ; | എ) | 1) പദ്ധതി ആരംഭിച്ച 26.02.2012 മുതൽ 31.12.2013 വരെ 27275 രോഗികൾക്ക് 286.36 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br>2) കൂടുതൽ രോഗികളെ ഉൾപ്പെടുത്തുന്നതിനായി കുടുംബവരുമാനപരിധി 2.5 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി ഉയർത്തി.<br>3) മാരകമായ നട്ടെല്ല്, സുഷുമ്നാ നാഡി ശ്വാസകോശ രോഗങ്ങൾ എന്നിവയുടെ ചികിത്സകൂടി പദ്ധതിയുടെ ധനസഹായ പരിധിയിൽ ഉൾപ്പെടുത്തി കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സാ സൗകര്യം നൽകി.<br>4) സർക്കാർ ആശുപത്രികൾക്കു പുറമെ 60 സർക്കാരിതര ആശുപത്രികളിൽ കൂടി കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് വിദഗ്ധചികിത്സാ സൗകര്യം ലഭ്യമാക്കി.<br>5) വൃക്കരോഗികൾക്ക് കൂടുതൽ ഡയാലിസിസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളെക്കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി. |

6) വൃക്കരോഗികൾക്ക് കൂടുതൽ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് 5 സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ 10 ഡയാലിസിസ് മിഷ്യനുകൾ ഉൾപ്പെടുന്ന കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുവാൻ അനുമതി നല്കുകയും ഒരു സെന്റർ തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

7) 838 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി.

ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്കും ചികിത്സാ ധനസഹായം നൽകിവരുന്നു.

സി) ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

സി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യ ഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ

നടത്താൻ തയ്യാറായി ഒപ്പുവച്ചിട്ടുള്ളതുമായ 60 സർക്കാരേതര ആശുപത്രികളിലും 28 ഡയാലിസിസ് സെന്ററുകളിലും ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഡി) ചികിത്സാ ധനസഹായങ്ങൾ യഥാസമയത്ത് രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

ഡി) 1. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നല്കുന്നതാണ്.

2. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ നല്കുന്നതിനു മുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

3. സർക്കാരാശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശുപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തിരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ ആതറൈസേഷൻ നല്കുന്നതാണ്.

4. പ്രധാനപ്പെട്ട ആശുപത്രികളിൽ അടിയന്തിര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രെസ്റ്റ് ഫണ്ട് നല്കിയിട്ടുണ്ട്.

5. അപേക്ഷ പ്രോസ്സസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇ) 1) വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള കൂടുതൽ സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2) 4 സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതാണ്.

3) നിലവിൽ പദ്ധതി പ്രകാരം ചികിത്സാ സഹായം നൽകുന്നതിനുള്ള രോഗങ്ങൾക്ക് പുറമെ താലസീമിയ, സിക്കിൾസെൽ അനീമിയ, ഗുരുതരമായ മാനസികരോഗം എന്നീ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടിക്രമങ്ങൾ ശുപാർശ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും അത്യാവശ്യം താമസ സൗകര്യം നൽകുന്നതിനായി സംസ്ഥാനത്തിലുള്ള മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതാണ്.

5) കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നല്കിയ രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനുശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആവശ്യമായ സന്ദർഭങ്ങളിൽ ഈ പദ്ധതി ഇനിയും കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

# List of Accredited Hospitals in KBF

| Sl. No | Dist. | Name of Hospital |
|---|---|---|
| 1 | TVM | Sree Uthradom Thirunal Academy of Medical Sciences, Vencode, Vattappara PIN-695028 |
| 2 | TVM | KIMS Pinnacle, Anamukham,PB No-1,Anayara P.O., Trivandrum - 695029. |
| 3 | TVM | Meditrina Hospital, TC 2/2367-1, Pattom, Trivandrum-695 004 |
| 4 | TVM | The India Hospital Trust, Mele Thampanoor, Trivandrum - 695 001, |
| 5 | TVM | Sree Gokulam Medical College & Research Foundation , Venjaramoodu, Trivandrum |
| 6 | TVM | Dr. Somervel CSI Medical College & Hospital, Karakonam |
| 7 | KLM | Sree Narayan Trust Medical Mission, PB No. 32, Kollam 691002 |
| 8 | KLM | Azeezia Institute of Medical Sciences, Meeyyannoor PO, Kollam, Kerala - 691537 |
| 9 | KLM | Travancore Medical College N H Byepass Road, Mylapore, Umayanallur, Kollam. 691589 |
| 10 | KLM | Bishop Benziger, Beach Road, Kollam |
| 11 | KLM | St.Joseph's Mission Hospital, Anchal, KLM |
| 12 | PTA | Christian Mission Hospital, Pandalam - 689501 |
| 13 | PTA | St. Thomas' Hospital, Malakkara Post, Edayaranmulla, Pathanamthitta, Kerala 689532 |
| 14 | PTA | Pushpagiri Medical College, Thiruvalla - 689101 |
| 15 | PTA | Muthoot Meidcal Centre, Kozhenchery, Pathanamthitta-689641 |
| 16 | PTA | St.Gregorios Medical Mission Hospital, Parumala, PTA |
| 17 | KTM | Bharath Hospital, PB NO. 222, Azad Line, Kottayam 686 001 |
| 18 | KTM | St. Thomas Hospital, Chethipuzha Kurisummoodu P.O., Changanacherry, Kottayam, Kerala, Pin: 686 104 |
| 19 | KTM | Caritas Hospital, Thellakom (P.O), Kottayam-686630 |
| 20 | KTM | Indo American Hospital (Brain & Spinr Centre), Chemmanakary, Akkarappadam P O, Vaikom, KTM |
| 21 | IDI | Chazhikkat Hospital Thodupuzha, Idukki, Kerala |
| 22 | IDI | St. Mary's Hospital Thodupuzha,Idukky Kerala |
| 23 | IDI | Holy Family Hospital Muthalakkodam, Thodupuzha, Idukki, Kerala |

# List of Accredited Hospitals in KBF

| Sl. No | Dist. | Name of Hospital |
|---|---|---|
| 24 | IDI | St.John's Hospital, Kattappana, Idukki |
| 25 | IDI | Idukki District Co-operative Hospital Society<br>Ltd No.I.177, Thodupuzha, IDI |
| 26 | EKM | Little Flower Hospital & Research Centre, PB No. 23, angamaly - 683572, Ernakulam Dist |
| 27 | EKM | P S Mission Hospital<br>NH Byepass, Maradu, Kochi - 682304 |
| 28 | EKM | Lisie Hospital,<br>Ernakulam,<br>Kochi-18 |
| 29 | EKM | KIMS, Kochi |
| 30 | EKM | Lourdes Hospital, Pachalam, Kochi |
| 31 | EKM | Fathima Hospital, Perumpadappu, Kochi |
| 32 | TSR | Amala Cancer Hospital and Research Centre, Amala Nagar P. O. Thrissur 680555, Kerala |
| 33 | TSR | Jubilee Mission Medical College & Research Institute,<br>Bishop Alapatt Road, PB No, 737, Jubilee Mission PO, Thrissur - 685005, |
| 34 | TSR | St. James Hospital<br>Chalakudy, Thrissur 680307, Kerala |
| 35 | TSR | Rajah Charitable Medical Trust, Murthuvattoor, Chavakkad-680506, Thrissur District |
| 36 | PKD | Paalana Institute of Medical Sciences, , Kannadi P O , Palakkad, Kerala , Pin : 678701 |
| 37 | PKD | Mother Care Hospital, Vattambalam, Kumaramputhur PO., Mannarkkad, 678583 |
| 38 | PKD | Karuna Medical College Hospital,<br>Vilayodi, Chittur,<br>Palakkad-678103 |
| 39 | PKD | Lakshmi Hospital, Chittur Road, Palakkad 678013, |
| 40 | PKD | P K Das Institute od Medical Sciences,<br>Ottappalam,<br>Palakkad-679522 |
| 41 | PKD | Valluvanad Hospital Complex Ltd,<br>Ottappalam, PKD |
| 42 | PKD | Thangam Hospital Of PMRC,<br>West Yakkara, PKD-678004 |
| 43 | MPM | EMS Co-operative Hospital & Research Centre Ltd., PB No. 25, Perunthalmanna,<br>Malappuram, 679322 |
| 44 | MPM | MES Medical College Hospital<br>Malaparampu, Palachode PO, Kolathur via, Perinthalmanna, Malappuram 679338 |
| 45 | MPM | Malabar Institute of Medical Sciences Ltd.. Changuvetty, kottakkal - 676503, Malappuram, Kerala, |
| 46 | MPM | Al-Shifa Hospital<br>Ootty Road, Perinthalmanna - 679322, Malapuram, Kerala |
| 47 | MPM | Al-Mas Hospital<br>Changuvetty, Kottakkal, Malappuram 676503 |

| List of Accredited Hospitals in KBF | | |
|---|---|---|
| **Sl. No** | **Dist.** | **Name of Hospital** |
| 48 | WYD | Fathima Mata Mission Hospital,<br>Kalpetta,<br>Wayanad |
| 49 | KKD | Baby Memorial Hospital,<br>Indira Gandhi Road,<br>Calicut-673004 |
| 50 | KKD | PVS Hospital,<br>Railway Station Road,<br>Calicut-673002 |
| 51 | KKD | Fathima Hospital,<br>Bank Road,<br>Calicut-673001 |
| 52 | KKD | KMCT Medical College,<br>West Mampatta,<br>Manassery (P.O),<br>Mukkom,<br>Kozhikkode-673602 |
| 53 | KKD | Santhi Hospital,<br>Omassery, KKD |
| 54 | KKD | Malabar Medical College Hospital & Research Centre, |
| 55 | KNR | Kannur Medical College,<br>Anjarakandy, Kannur 670612 |
| 56 | KNR | Tellicherry Co-operative Hospital<br>Co-operative Hospital Junction<br>Thalassery, Kannur, Kerala 670101 |
| 57 | KNR | Kannur Co-operative Hospital Ltd, Talap, Kannur-2 |
| 58 | KNR | Koyili Hospital, Kannur |
| 59 | KSD | Malik Deenar Charitable Hospital, Kasaragod - 671122 |
| 60 | KSD | Laxmi Meghan Speciality Hospital,<br>Kovvalpally, Kanhangad South, Kasaragode |

S.O